ॐ



നമോ ബ്രഹ്മണ്യദേവായ രാമായാകുണ്ഠമേധസേ
ഉത്തമശ്ലോകധുര്യായ ന്യസ്തദണ്ഡാർപ്പിതാങ്ഘ്രയേ (9–11–7)
സ്ത്രീപുംസംഗ ഏതാദൃക്സർവത്ര ത്രാസമാവഹ:
അപീശ്വരാണാം കിമുത ഗ്രാമ്യസ്യ ഗൃഹചേതസ: (9–11–17)

*ശുകമുനി തുടർന്നു:*
ഭഗവാൻ രാമൻ തന്റെ ആത്മപ്രസാദത്തിന് വേണ്ടി ഒരു വിശുദ്ധ യാഗം നടത്തി. രാമൻ വിഷ്ണു ഭഗവാൻ തന്നെയാണല്ലോ. യാഗാവസരത്തിൽ തനിക്കുണ്ടായിരുന്നതെല്ലാം അദ്ദേഹം ദാനം ചെയ്തു. രാജ്യവും സമ്പത്തുമുഴുവനും രാജ്യം ഭരിക്കാൻ യോഗ്യതയുള്ള മഹാത്മാക്കൾക്കു മാത്രം നൽകി. സ്വന്തമായി ഉടുവസ്ത്രം മാത്രമെ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ. സീതയും രാമനെ പിന്തുടർന്ന് എല്ലാം ദാനം ചെയ്തു. രാമന്റെ സൽക്കർമ്മങ്ങളിൽ സംതൃപ്തരായ മഹാത്മാക്കൾ രാജ്യം രാമന് തിരിച്ചു നൽകി. എന്നിട്ടിങ്ങിനെ പ്രാർത്ഥിച്ചു. “ഭഗവാനെ ഞങ്ങൾ നമസ്കരിക്കുന്നു. ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രവേശിച്ച് അജ്ഞാനത്തെ തുടച്ചു മാറ്റുന്നത് അവിടുന്നത്രെ. വിജ്ഞാനത്തിന്റെ ഉറവിടവും അതിപ്രശസ്തനും അഹിംസാവാദികളായ മഹാത്മാക്കൾ വണങ്ങുന്ന പാദങ്ങളോടു കൂടിയവനുമായ ഭഗവാനെ ഞങ്ങൾ നമിക്കുന്നു.”

രാമൻ വേഷപ്രച്ഛന്നനായി തലസ്ഥാനത്ത് ജനഹിതമറിയാൻ നടക്കാറുണ്ടായിരുന്നു. ഒരു രാത്രിയിൽ ഒരാൾ തന്റെ ഭാര്യയെ തിരസ്കരിക്കുന്നത് അദ്ദേഹം കണ്ടു. അയാൾ പറഞ്ഞു. “നീ മറ്റൊരാളുടെ വീട്ടിൽ താമസിച്ചവളാണ്. സീതപോലും അങ്ങിനെ ചെയ്തിട്ടുണ്ട്. രാമൻ തന്റെ ഭാര്യയോടുള്ള അതീവസ്നേഹം കൊണ്ട് അതിൽ തെറ്റൊന്നും കാണുന്നില്ലായിരിക്കാം. പക്ഷേ ഞാനങ്ങിനെയല്ല. എനിക്ക് നിന്നെ സ്വീകരിക്കാൻ വയ്യ. ജനഹിതം മാനിച്ച്, സ്വീകരിക്കാൻ ബുദ്ധിമുട്ടുള്ളതെങ്കിലും രാമൻ കഠിനമായ ഒരു തീരുമാനമെടുത്തു. ഗർഭിണിയായ സീതയെ കാട്ടിലേക്കയച്ചു. അധികം താമസിയാതെ സീത രണ്ട് ആൺകുട്ടികളെ പ്രസവിച്ചു. ലവനും കുശനും. സീത അവരെ വാൽമീകി മുനിയുടെ സംരക്ഷണത്തിലാക്കിയിട്ട് ഭൂമിക്കടിയിലേയ്ക്കു പോയി ഇഹലോകവാസം വെടിഞ്ഞു. ഈ വാർത്തയറിഞ്ഞ രാമൻ ദു:ഖാകുലനായി. രാമനും സീതയും ഈ ദിവ്യ നാടകമരങ്ങേറിയത് സ്ത്രീപുരുഷസംഗം എന്നും ദു:ഖവും കഷ്ടപ്പാടുകളും ഉണ്ടാക്കുന്നു എന്നു കാണിക്കാനായിട്ടത്രെ. ദേവൻമാർ പോലും ഇതിനപവാദമല്ല.

ഇതിനുശേഷം രാമൻ പതിമൂവായിരം കൊല്ലം രാജ്യം ഭരിച്ചു. എന്നിട്ട് തന്റെ ദിവ്യസവിധത്തിലേക്കു മടങ്ങി. ദുഷ്ടരേയും രാക്ഷസൻമാരേയും രാമൻ കൊന്നൊടുക്കിയതിൽ അത്ഭുതമൊന്നുമില്ല. രാവണനുമായുള്ള യുദ്ധത്തിൽ വാനരൻമാർ (ഇവർ ചില ഗോത്രവർഗ്ഗക്കാരായിരുന്നിരിക്കാം) രാമനു തുണ നൽകിയതും അത്ഭതമല്ല തന്നെ. കാരണം രാമൻ ഭഗവാൻ വിഷ്ണുതന്നെയാണല്ലോ. അവിടുത്തെ മഹിമ അപാരമത്രെ. രാമന്റെ അവതാരക്കാലത്ത് അദ്ദേഹവുമായി ബന്ധപ്പെട്ട എല്ലാവരും പരമപദം പ്രാപിച്ചു. ദിവ്യമായ ഈ രാമകഥ തുടർച്ചയായി ആവർത്തിച്ചു കേൾക്കുന്നവർക്ക് കർമ്മബന്ധനത്തിൽ നിന്നു മോചനം ലഭിക്കുന്നു.

കുശന്റെ പിന്തുടർച്ചയായി സൂര്യവംശത്തിൽ ഹിരണ്യനാഭൻ പിറന്നു. ജൈമിനി മഹർഷിയുടെ ശിഷ്യനായിരുന്ന അദ്ദേഹം വലിയ യോഗിയായിരുന്നു. യാജ്ഞവൽക്യന് ആത്മജ്ഞാനമുപദേശിച്ചത് ഈ ഹിരണ്യനാഭനത്രെ. ഈ കുലത്തിലെ അവസാന കണ്ണി ബ്രഹദ്ബലനാണ്. അദ്ദേഹം അങ്ങയുടെ അച്ഛൻ അഭിമന്യുവിനാൽ കൊല്ലപ്പെട്ടു. കലിയുഗമവസാനിക്കും വരെ ഈ കുലം നിലനിൽക്കും. സുമിത്രനായിരിക്കും അവസാനത്തെ രാജാവ്. അതു കഴിഞ്ഞ് കാലാപഗ്രാമത്തിൽ വസിക്കുന്ന ഉത്തമയോഗിയായ മരു സൂര്യവംശത്തെ പുനരുദ്ധരിക്കും.